Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.in Email:shq@ksbsg.in

| Patron | President | State Chief Commissioner | State Secretary |
| --- | --- | --- | --- |
| JUSTICE P. SATHASIVAM | Prof. C. RAVEENDRANATH | K .V .MOHANKUMAR, IAS, | SAJITH .A .K |
| Hon'ble Governor of Kerala | Hon'ble Minister for Education | Director of Public Instructions | Phone : 9847306748 |

No. G-3238/2018/KSBS&G Date . . . 05-12-2018

സ്വീകർത്താവ്

എല്ലാ ജില്ലാ സെക്രട്ടറിമാർക്കും
കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

സർ,

**വിഷയം : കെ.എസ്.ബി.എസ്.ജി – രാജ്യപുരസ്കാർ ടെസ്റ്റ് – 2018-19 സംബന്ധിച്ച്**

2018 ഡിസംബർ മാസം സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലായി നടക്കുന്ന 2018-19 വർഷത്തെ രാജ്യപുരസ്കാർ ടെസ്റ്റ് ക്യാമ്പിംഗിനായി സ്കൗട്ട് - ഗൈഡുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ പരിശീലനം നേടിയവരായിരിക്കണം. ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 2018 ഡിസംബർ 5 മുതൽ 15 വരെമാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. അപേക്ഷകർക്ക് യു.ഐ.ഡി, എ.എസ്.ഒ.സി മാരുടെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (ഹാൾടിക്കറ്റ്) എന്നിവ ലഭിച്ചിരിക്കണം. ('S' എന്നത് സ്കൗട്ട് വിഭാഗവും, 'G' എന്നത് ഗൈഡ് വിഭാഗവുമാണ്). അപേക്ഷകർക്ക് തിരുത്തൽ ഉണ്ടെങ്കിൽ അവ വെരിഫിക്കേഷനുമുമ്പുതന്നെ പൂർത്തിയാക്കണം.

അപേക്ഷകർ നിശ്ചിത യോഗ്യത നേടിയ അധ്യാപകരിൽ നിന്നും ത്രിതീയ, രാജ്യപുരസ്കാർ ടെസ്റ്റിംഗ് എ.പി.ആർ.ഒ അനുസരിച്ച് കാലാവധിക്ക് പരിശീലനം ലഭിച്ചവരാകണം – ദ്വിതീയ കഴിഞ്ഞ് 6 മാസം ത്രിതീയ സോപാനം തുടർന്ന് 9 മാസം രാജ്യപുരസ്കാറിനും അഡ്വാൻസ് കോഴ്സ് കഴിഞ്ഞ പരിശീലകർ – ഇക്കാര്യം ഡി.ഒ.സി മാർ ഉറപ്പുവരുത്തണം. സ്കൗട്ട് മാസ്റ്റർ / ഗൈഡ് ക്യാപ്റ്റന്മാർ അഡ്വാൻസ് കോഴ്സ് സർട്ടിഫിക്കറ്റ് നമ്പർ, യു.ഐ.ഡി നമ്പർ, വാറണ്ട് വാലിഡിറ്റി എന്നിവയും, സ്കൂൾതല അപേക്ഷയിൽ സ്കൗട്ട് മാസ്റ്റർ, ഗൈഡ്ക്യാപ്റ്റൻ, പ്രധാനാധ്യാപകൻ, ഡി.ഒ.സി, ഡി.സി എന്നിവരും ഒപ്പിട്ടിരിക്കണം. തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷയിൽ ഒപ്പിടുന്ന ഡി.ഒ.സി, ഡി.സി മാർക്കും അതാത് പദവിക്കുള്ള വാറണ്ട് ഉണ്ടായിരിക്കണം.

ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള ഫോർമാറ്റിൽ പൂരിപ്പിച്ച് ബന്ധപ്പെട്ടവർ ഒപ്പിട്ട അപേക്ഷകൾ 2018 ഡിസംബർ 15 നകം സംസ്ഥാന സെന്ററിൽ എത്തിക്കണം. 100/- രൂപ വീതം അപേക്ഷാ ഫീസായി സംസ്ഥാന സെന്ററിലെ ബാങ്ക് അക്കൗണ്ടിൽ (Bank A/C No: 37775679382 (Current A/c), IFSC : SBIN0070415, Bank Name : SBI Vikas Bhavan, Trivandrum, Name : Secretary, Kerala State Bharat Scouts & Guides, State Headquarters) അടക്കണം. പണം അടച്ച കൗണ്ടർ ഫോയിലിന്റെ കോപ്പിയും സംസ്ഥാന സെന്ററിൽ എത്തിക്കണം.

ഒന്നാം ഘട്ടക്യാമ്പ് 2018 ഡിസംബർ 21 മുതൽ 24 വരെ നടത്താനുദ്ദേശിക്കുന്നു. പത്താംതരത്തിൽ പഠിക്കുന്ന സ്കൗട്ട്, ഗൈഡുകളെ മാത്രം ഉൾക്കൊള്ളിച്ചുള്ള ക്യാമ്പായിരിക്കും ഇത്. തുടർന്ന് വിവിധ ബാച്ചുകളായി ടെസ്റ്റ് ക്യാമ്പുകൾ നടത്തും. ബാച്ചിന്റെ വിശദാംശങ്ങൾ 2018 ഡിസംബർ 18 ന് സംസ്ഥാന കാര്യാലയത്തിന്റെ വെബ്സൈറ്റിൽ (www.ksbsg.in) പ്രസിദ്ധീകരിക്കുന്നതാണ്.

ടെസ്റ്റിംഗിനായി കുട്ടികളെ തയ്യാറാക്കിയ അധ്യാപകർ മാത്രമേ പരീക്ഷകരായി വരാൻ പാടുള്ളൂ എന്നതിനാൽ ബന്ധപ്പെട്ട അധ്യാപകർ തങ്ങളുടെ അപേക്ഷകൾ ഒപ്പിട്ട് നൽകുന്നത് ടെസ്റ്റ് ക്യാമ്പിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള സമ്മതമായി കണക്കാക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്,
SOC(G) I/C

ഒപ്പ്,
SOC(S) I/C

*Forwarded by,*

എ കെ സജീവ്
സ്റ്റേറ്റ് സെക്രട്ടറി, കെ.എസ്.ബി.എസ്.ജി

***Note:-***

അപേക്ഷകരുടെ എണ്ണത്തിനനുസരിച്ചുള്ള അപേക്ഷാ ഫീസ് പൂർണ്ണമായും ഡിസംബർ 18 നകം അടക്കാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

*(Attached Form)*